## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1718 04.10.2016-ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കേണ്ട അടിയന്തരാവശ്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ദാസൻ:** | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കേണ്ട അടിയന്തിരാവശ്യങ്ങൾ ചൂണ്ടിക്കാണിച്ച് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൻമേൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) കൊയിലാണ്ടി നഗര സഭ പരിധിയിലെ വൈദ്യുതി തടസ്സം പരിഹരിയ്ക്കുന്നതിനായി 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ഭൂഗർഭ കേബിൾ വലിക്കുന്ന പ്രവൃത്തി 2016-17-ലെ വാർഷിക പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നന്തി ഫീഡറിന്റെയും കൊയിലാണ്ടി ഫീഡറിന്റെയും ഇന്റർ ലിങ്കിംഗ് പ്രവൃത്തി പൂർത്തിയാക്കുന്നതിന് റെയിൽവേയുടെ അനുമതി ആവശ്യമുണ്ട്. ഈ പ്രവൃത്തിയുടെ റീ ടെണ്ടർ നടപടികൾ നടന്നു വരുന്നു. റെയിൽവേയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതാണ്.<br><br>കൊയിലാണ്ടി മണ്ഡലത്തിലെ വൈദ്യുതി മേഖലയിലുള്ള പ്രശ്ന പരിഹാരത്തിന്റെ ഭാഗമായി കൊയിലാണ്ടി മുനിസിപ്പാലിറ്റയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായതും റവന്യൂ വകുപ്പിന്റെ കൈവശമുള്ളതുമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.<br>ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് സബ്സ്റ്റേഷന് സ്ഥലം ലഭ്യമായാൽ, ടി സ്ഥലത്ത് സബ്ഡിവിഷൻ ഓഫീസ്, സെക്ഷൻ ഓഫീസ് എന്നിവ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.<br><br>കൊയിലാണ്ടി ആസ്ഥാനമായി ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടന്നു വരുന്നു. സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ കൊയിലാണ്ടി സൗത്ത് സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ഈ സെക്ഷൻ വിഭജിച്ച് |

പുതിയ സെക്ഷൻ രൂപീകരിക്കുന്നത് ബോർഡിന്റെ പരിഗണനയിലില്ല.

| | | | |
|---|---|---|---|
| (ബി) | ഈ മണ്ഡലത്തിൽ സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ 990 ഗുണഭോക്താക്കൾ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിനായി ഏകദേശം 80 ലക്ഷം രൂപാ ചെലവ് വരുമെന്നാണ് കണക്കാക്കി യിരിക്കുന്നത്. പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവ പൂർത്തീകരിക്കാനാണ് ആണ് ലക്ഷ്യമിടുന്നത്. |

Kemalella

**സെക്ഷൻ ഓഫീസർ**